# VERAPOLY
## ARCHDIOCESAN GAZETTE
## വരാപ്പുഴ അതിരൂപതാ ഗസറ്റ്

Vol. LIII - JK 94 | 2025 November 15 | No. 12

## PASTORAL LETTER

## ആഗമനകാലം 2025

*യേശുവിൽ പ്രിയ വൈദികസഹോദരരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

2025 നവംബർ 30–ാം തീയതി ഞായറാഴ്ച ആഗമനകാലത്തിലേക്ക് നാം പ്രവേശിക്കുകയാണ്. പ്രത്യാശയുടെ തീർത്ഥാടകരായി ജൂബിലി വർഷം ആചരിച്ച നമ്മൾ പ്രത്യാശയോടുള്ള കാത്തിരിപ്പിന്റെ ദിനങ്ങളിലേക്കാണ് കടക്കുന്നത്. ജൂബിലി വർഷാചരണത്തിന്റെ നിറവിൽ നമ്മൾ ആചരിക്കുന്ന ആഗമനകാലം പുതിയ പ്രകാശമായി ഉദയം ചെയ്യുന്ന രക്ഷകനായ ക്രിസ്തുവിനെ വരവേൽക്കുവാൻ നമ്മെ പ്രാപ്തരാക്കട്ടെയെന്ന് ഞാൻ ആശംസിക്കുന്നു. ജൂബിലി വർഷത്തിൽ വാഴ്ത്തപ്പെട്ട ഏലീശ്വാമ്മയെ നമുക്ക് നൽകിയ ദൈവത്തിന് കൃതജ്ഞതയർപ്പിക്കാം. പ്രൗഢമായ വാഴ്ത്തപ്പെട്ട പദവി പ്രഖ്യാപന ചടങ്ങുകളുടെ വിജയത്തിനായി പ്രവർത്തിച്ച എല്ലാവരെയും ഞാൻ ഹൃദയപൂർവ്വം അഭിനന്ദിക്കുകയും എല്ലാവർക്കും നന്ദിയർപ്പിക്കുകയും ചെയ്യുന്നു. ആഗതമാകുന്ന ആഗമനകാലത്ത് നമുക്ക് ചുറ്റുമുള്ള പാവങ്ങളും നിരാലംബരുമായ സഹോദരങ്ങളെ അനുസ്മരിക്കാൻ നമുക്ക് പരിശ്രമിക്കാം.

പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ പാപ്പാ ദരിദ്രരോടുള്ള സ്നേഹത്തെക്കുറിച്ച് നമുക്കു നൽകിയ "ഞാൻ നിന്നെ സ്നേഹിച്ചു" *(Dilexi Te)* എന്ന അപ്പസ്തോലിക ഉദ്ബോധനത്തിന്റെ 106-ാം ഖണ്ഡികയിൽ ക്രൈസ്തവർ ആരായിരിക്കണം എന്ന് വ്യക്തമാക്കുന്നുണ്ട്. നല്ല സമരിയാക്കാരന്റെ കഥ ഇപ്പോഴും പ്രസക്തമാണെന്ന് നാം തിരിച്ചറിയണമെന്നാണ് പാപ്പാ നമ്മെ ഓർമ്മിപ്പിക്കുന്നത്. പാപ്പാ തന്റെ ഉദ്ബോധനം തുടരുന്നത് ഇപ്രകാരമാണ് - "തണുത്ത രാത്രിയിൽ വെളിംപ്രദേശത്ത് കിടന്നുറങ്ങുന്ന ഒരാളെ കണ്ടാൽ, അയാളെ എനിക്ക് ഒരു ശല്യമായോ, ഒരു അലസനായോ, എന്റെ വഴിയിലെ തടസമായോ, അസ്വസ്ഥജനകമായ കാഴ്ചയായോ, രാഷ്ട്രീയക്കാരൻ പരിഹരിക്കേണ്ട പ്രശ്നമായോ, പൊതു ഇടത്തിൽ കൂടിക്കിടക്കുന്ന മലിന വസ്തുവായോ കാണാൻ കഴിയും. അങ്ങനെയല്ലാതെ, വിശ്വാസത്തോടും ഉപവിയോടും കൂടി, ആ മനുഷ്യൻ, എനിക്ക് സമാനമായ അന്തസ്സുള്ള ഒരു മനുഷ്യവ്യക്തിയാണ്, പിതാവിനാൽ അനന്തമായി സ്നേഹിക്കപ്പെടുന്ന സൃഷ്ടിയാണ്, ദൈവത്തിന്റെ സാദൃശ്യമുള്ള ആളാണ്, യേശുക്രിസ്തു വീണ്ടെടുത്ത സഹോദരനോ സഹോദരിയോ ആണ് എന്നും കാണാം." എത്ര ഹൃദയസ്പർശിയായ വാക്കുകളാണിത്. ക്രൈസ്തവരായ നമ്മൾ ഓരോരുത്തരും നമുക്ക് ചുറ്റുമുള്ളവരെ സ്നേഹത്തോടെ സ്വീകരിക്കാൻ കടപ്പെട്ടവരാണെന്ന ഓർമ്മപ്പെടുത്തലാണ് പരിശുദ്ധ പിതാവ് നൽകുന്നത്. ഈ ആഗമനകാലത്ത് നല്ല സമരിയാക്കാരന്റെ മാതൃകയിലേക്ക് നമുക്കും ശ്രദ്ധതിരിക്കാം. 'നീയും പോയി അതുപോലെ ചെയ്യുക' (ലൂക്കാ. 10.37) എന്ന യേശുവിന്റെ ആഹ്വാനം നമ്മുടെ ഹൃദയത്തിൽ നാം എന്നും സൂക്ഷിക്കേണ്ട കല്പനയാണെന്ന് ലെയോ പാപ്പാ നമ്മെ അനുസ്മരിപ്പിക്കുന്നു.

യേശുക്രിസ്തു മനുഷ്യനായി അവതരിച്ചത് നമുക്ക് രക്ഷ പ്രദാനം ചെയ്യുവാനാണ്. ദരിദ്രരോടും നിരാലംബരോടും പക്ഷം ചേരാനുള്ള ആഹ്വാനമാണ് യേശുവിന്റെ ഉദ്ബോധനങ്ങളിൽ നിറഞ്ഞു നിന്നിരുന്നത്. അവിടുന്ന് തന്റെ കൂടെ കൂട്ടിയതും, യേശുവിന്റെ കൂടെ നടന്നതും ദരിദ്രരും സാധാരണക്കാരുമായിരുന്ന മനുഷ്യരായിരുന്നു.

യേശുവിന്റെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പ് ആദ്യം ലഭിച്ചതും ഉണ്ണിയേശുവിനെ ആദ്യം കാണുവാനും ആരാധിക്കുവാനും ഭാഗ്യം ലഭിച്ചതും പാവപ്പെട്ട ആട്ടിടയന്മാർക്കായിരുന്നു. ഈ ആഗമനകാലത്ത് നാം നമ്മുടെ ജീവിതത്തിൽ സ്വന്തമാക്കാൻ ശ്രമിക്കേണ്ടത് ഈ പുണ്യമാണ് – ദൈവതിരുമുമ്പിൽ ദരിദ്രനായിരിക്കുക എന്ന പുണ്യം. എങ്കിൽ മാത്രമെ നമുക്ക് നമ്മുടെ ചുറ്റുമുള്ള ദരിദ്രരും നിരാലംബരും രോഗികളുമായ സഹോദരങ്ങളെ കൺതുറന്നുകാണുവാനും അവർക്ക് തുണയാകുവാനും സാധിക്കുകയുള്ളൂ. നമ്മുടെ തിരക്കുപിടിച്ച ജീവിതത്തിനിടയിൽ ഒന്നു ചുറ്റും കണ്ണോടിക്കാൻ നമുക്ക് കഴിയണം. നമ്മുടെ ഒരു നോട്ടം ആഗ്രഹിക്കുന്ന, ഒരു പുഞ്ചിരി കാത്തിരിക്കുന്ന, ഒരു ചെറിയ സഹായം പ്രതീക്ഷിക്കുന്ന നമ്മുടെ പ്രിയപ്പെട്ടവർ തൊട്ടടുത്തുണ്ടാകാം. അവരെ കാണാതെ പോകരുത്, അവർക്ക് ബലം നൽകാൻ മറന്നുപോകരുത്. അങ്ങനെയെങ്കിൽ ഈ ആഗമനകാലം നിശ്ചയമായും അനുഗ്രഹപൂർണ്ണമാകും. രക്ഷകനുവേണ്ടിയുള്ള നമ്മുടെ കാത്തിരിപ്പിന്റെ പരിസമാപ്തിയിൽ ക്രിസ്തുവാകുന്ന പ്രകാശം നമ്മുടെ ഹൃദയങ്ങളിൽ വന്നു നിറയും.

ജൂബിലി വർഷാചരണത്തിന്റെ ഭാഗമായി നിരവധി പരിപാടികൾ നാം നടത്തുകയുണ്ടായി. സർവ്വതല സ്പർശിയായ കർമ്മപരിപാടികളാണ് നാം ക്രമീകരിച്ചതും നടപ്പിലാക്കിയതും. ജൂബിലി കുരിശിന്റെ പ്രയാണവും എല്ലാ ജൂബിലി പരിപാടികളും ചരിത്രത്തിന്റെ ഭാഗമായ നല്ല ഓർമ്മകളാണ് നമുക്ക് സമ്മാനിക്കുന്നത്. ജൂബിലിയുടെ സ്മാരകമായി എന്നും നിലനിൽക്കുന്ന ഒരു സംരംഭത്തിന് ഈ വർഷം തുടക്കമിടണമെന്നും ഞാൻ ആഗ്രഹിക്കുകയാണ്. ഒരു ജൂബിലി സ്മാരക ദൈവാലയം നിർമ്മിക്കുവാനാണ് ആഗ്രഹിക്കുന്നത്. മാലിപ്പുറം ദേശത്തുള്ള സെന്റ് ജോസഫ് ദൈവാലയം വളരെ ശോചനീയമായ അവസ്ഥയിലാണ് നിലകൊള്ളുന്നത്. തീർത്തും സാധാരണക്കാരായ കുടുംബങ്ങൾ വസിക്കുന്ന ഈ ഇടവകയുടെ ദൈവാലയം പലപ്പോഴായുള്ള വെള്ളപ്പൊക്കത്തിന്റെ ആഘാതത്തിൽ ജീർണ്ണാവസ്ഥയിലാണ് സ്ഥിതിചെയ്യുന്നത്. എല്ലാവരുടെയും സഹായ

സഹകരണങ്ങൾ ഉണ്ടെങ്കിൽ മനോഹരമായ ഒരു കൊച്ചുദൈവാലയം അവിടെ നമുക്ക് നിർമ്മിച്ചുനൽകാൻ സാധിക്കും. ആയതിനാൽ ജൂബിലിയുടെ സ്മാരകമായി മാലിപ്പുറം സെന്റ് ജോസഫ് ദൈവാലയം പുനർനിർമ്മിക്കുന്നതിനുവേണ്ടി സാധിക്കുന്ന രീതിയിൽ എല്ലാവരും സഹായിക്കണമെന്നും സ്നേഹപൂർവ്വം ഞാൻ ഓർമ്മിപ്പിക്കുന്നു.

കൂടാതെ, വരാപ്പുഴ അതിരൂപത ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിൽ ഡിസംബർ 1 മുതൽ 24 വരെയുള്ള ദിവസങ്ങളിൽ തിരുവചനഗ്രന്ഥവായനാദിനങ്ങളായി ആചരിക്കേണ്ടതാണെന്ന് ഞാൻ ഓർമ്മിപ്പിക്കുന്നു. നവംബർ 29 നു വൈകുന്നേരം കത്തീഡ്രൽ ദൈവാലയത്തിൽ നടത്തപ്പെടുന്ന ബൈബിൾ പ്രതിഷ്ഠയെ തുടർന്ന് ആഗമനകാലത്തിലെ ആദ്യ ഞായറാഴ്ചയായ നവംബർ 30 ന് എല്ലാ ഇടവക ദൈവാലയങ്ങളിലും ബൈബിൾ പ്രതിഷ്ഠ നടത്തണമെന്നും ഡിസംബർ 1 മുതൽ 24 വരെയുള്ള ദിവസങ്ങളിൽ ദൈവാലയങ്ങളിൽ സുവിശേഷവായനയ്ക്കുശേഷം ജ്ഞാനവായന രീതി അനുസരിച്ച് നൽകപ്പെട്ടിട്ടുള്ള ചെറിയൊരു ബൈബിൾ വിചിന്തനം ബഹുമാനപ്പെട്ട വൈദികർ നടത്തണമെന്നും ഞാൻ ഓർമ്മിപ്പിക്കുന്നു. തുടർന്ന് ഡിസംബർ 24 മുതൽ ജനുവരി 1 വരെയുള്ള ദിവസങ്ങളിൽ എല്ലാ ഭവനങ്ങളിലും തിരുവചനഗ്രന്ഥ പ്രതിഷ്ഠാദിനമായും ആചരിക്കേണ്ടതാണ്.

ബൈബിൾ പ്രതിഷ്ഠ നടത്തിയും വചനധ്യാനത്തിലൂടെയും ഈ ആഗമനകാലത്തിൽ രക്ഷകനായ യേശുവിനെ വരവേൽക്കുവാനായി നമുക്ക് ഒരുങ്ങാം. നമ്മുടെ സഹായം ആവശ്യമുള്ളവർക്കുവേണ്ടി നല്ല സമരിയാക്കാരായി നമുക്ക് മാറാം. “ഞാൻ നിന്നെ സ്നേഹിച്ചു” (വെളി 3:9) എന്നരുൾചെയ്ത കർത്താവിന്റെ മനുഷ്യാവതാരത്തിനായി ഒരുങ്ങുമ്പോൾ ചുറ്റുമുള്ള സഹോദരങ്ങളെ സ്നേഹിക്കുവാനും അവരിൽ ക്രിസ്തുവിനെ ദർശിക്കുവാനും അതുവഴി നമ്മോടുള്ള അവിടുത്തെ സ്നേഹത്തിന് നന്ദിപറയുവാനും നമുക്ക് പരിശ്രമിക്കാം. നിങ്ങൾക്കെല്ലാവർക്കും ആഗതമാകുന്ന പിറവിത്തിരുനാളിന്റെയും പുതുവത്സരത്തിന്റെയും മംഗളങ്ങൾ ഞാൻ സ്നേഹപൂർവ്വം നേരുന്നു.

എനിക്ക് നിങ്ങളോടുള്ള പൈതൃക സ്നേഹത്തിന്റെ അടയാളമായി പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളെ ഞാൻ ആശിർവദിക്കുന്നു.

എറണാകുളത്ത് നമ്മുടെ അതിമെത്രാസനമന്ദിരത്തിൽ നിന്ന്, 2025 നവംബർ 15-ാം തീയതി,

എറണാകുളം
15.11.2025

**✠ ജോസഫ് കളത്തിപ്പറമ്പിൽ**
*വരാപ്പുഴ അതിരൂപതാ മെത്രാപ്പോലീത്ത*

---

N.B.: **ഈ ഇടയലേഖനം 2025 നവംബർ 23-ാം തീയതി ഞായറാഴ്ച ദിവ്യബലി മധ്യേ വായിക്കേണ്ടതാണ്.**

## CIRCULAR - 25

# കേരള റിജ്യൻ ലാറ്റിൻ കാത്തലിക് കൗൺസിൽ (കെആർഎൽസിസി)

## ലത്തീൻ കത്തോലിക്കാദിനം

## 2025 ഡിസംബർ 7, ഞായർ

*അങ്ങനെ, ഞാൻ നിന്നെ സ്നേഹിച്ചുവെന്ന് അവർ ഗ്രഹിക്കും*
(വെളിപാട് 3:9)

യേശുവിൽ പ്രിയവൈദികരേ, സന്യസ്തരേ,
അല്മായസഹോദരങ്ങളേ,

തിരുസ്സഭയുടെ പ്രേഷിത പ്രവർത്തനങ്ങളുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനും ഇന്ത്യയുടെ ദ്വീതീയ അപ്പസ്തോലനുമായ വിശുദ്ധ ഫ്രാൻസീസ് സേവ്യറിന്റെ തിരുന്നാൾ ദിനമായ ഡിസംബർ 3 ന് ശേഷം വരുന്ന ഞായറാഴ്ച ലത്തീൻ സഭയുടെ നയ രൂപീകരണ ഏകോപന സമിതിയായ കേരള റീജ്യൻ ലാറ്റിൻ കാത്തലിക് കൗൺസിലിന്റെ നേതൃത്വത്തിൽ ലത്തീൻ കത്തോലിക്കാ ദിനമായി സാഘോഷം കൊണ്ടാടുകയാണ്. ആഗോളകത്തോലിക്ക സഭ കൂടുതൽ പ്രേഷിത ചൈതന്യത്തോടെ മുന്നേറുന്ന പശ്ചാത്തലത്തിലാണ് ഡിസംബർ 7 ഞായറാഴ്ച ഈ വർഷത്തെ ലത്തീൻ കത്തോലിക്ക ദിനം നമ്മൾ ആചരിക്കുന്നത്. 'പ്രത്യാശയുടെ തീർത്ഥാടകർ' എന്ന ആപ്തവാക്യ ത്തോടെ 2025 ആഗോള കത്തോലിക്ക സഭ ജൂബിലി വർഷമായി കൊണ്ടാടുന്ന പശ്ചാത്തലവും, പരിശുദ്ധ ലിയോ പതിനാലാമൻ പാപ്പ 2025 ഒക്ടോബർ 4-ന്, വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ തിരുനാളിൽ പുറത്തിറക്കിയ *DILEXI TE* എന്ന അപ്പസ്തോലിക പ്രബോധനത്തിന്റെ പശ്ചാത്തലവും കൂട്ടായ്മ, പങ്കാളിത്തം, പ്രേഷി തത്വം എന്ന ലക്ഷ്യത്തോടെയുള്ള സിനഡാത്മകസഭാ മുന്നേറ്റത്തിന്റെ പശ്ചാത്തലവും ഈ വർഷത്തെ ലത്തീൻ കത്തോലിക്കാദിനത്തെ ഏറെ പ്രസക്തമാക്കുന്നു.

നമ്മുടെ വിശ്വാസത്തിന്റെ കാതലായ ക്രിസ്തീയസ്നേഹത്തെ കേന്ദ്രീകരിച്ചുള്ള *DILEXI TE* എന്ന അപ്പസ്തോലിക പ്രബോധനം ദരിദ്രരോടുള്ള കാരുണ്യം, സേവനം, ഐക്യദാർഢ്യം എന്നിവയിലൂടെ സഭയുടെ പ്രേഷിതദൗത്യത്തെ നവീകരിക്കാൻ ആഹ്വാനം ചെയ്യുന്നു. പാർശ്വവൽക്കരിക്കപ്പെട്ടവരോടുള്ള സ്നേഹത്തിൽ നിന്ന് വിശ്വാസ ത്തെ വേർതിരിക്കാനാവില്ലെന്ന് ലിയോ പതിനാലാമൻ പാപ്പ ഊന്നി പ്പറയുന്നു, 'ദരിദ്രരുടെ മുറിവേറ്റ മുഖങ്ങളിൽ, ക്രിസ്തുവിന്റെ തന്നെ സഹനങ്ങൾ ക്രൈസ്തവരായ നാം കാണുന്നു' എന്ന് പ്രഖ്യാപിച്ചു കൊണ്ട്; കാരുണ്യത്തിന്റെ സമൂഹങ്ങൾ കെട്ടിപ്പടുക്കാനും, നിസ്സംഗത നിരസിക്കാനും, നീതിയുടെയും സാഹോദര്യത്തിന്റെയും മൂർത്തമായ പ്രവൃത്തികളിലൂടെ സുവിശേഷം ഉൾക്കൊള്ളാനും ഈ പ്രബോധനം വിശ്വാസികളെ ഉദ്ബോധിപ്പിക്കുന്നു. സ്നേഹം ഒരു വികാരമല്ല, മറിച്ച് ഒരു ദൈവവിളിയാണ് എന്ന് 'ഡിലെക്സി തെ' ഉറപ്പിച്ചു പറയുന്നു,

രണ്ടാം വത്തിക്കാൻ കൗൺസിൽ വിഭാവനം ചെയ്ത രീതിയിൽ തിരുസ്സഭയിൽ എല്ലാ വിശ്വാസികളുടെയും ഒത്തൊരുമയും പങ്കാളി ത്തവും പ്രേഷിതദൗത്യത്തിലുള്ള ഭാഗഭാഗിത്വവും പരിപോഷിപ്പിച്ച് കൂടുതൽ വിശ്വസ്തതയോടെ എല്ലാവരും ഒത്തൊരുമിച്ച് മുന്നോട്ട് പോകുന്നതിനായി ഭാഗ്യസ്മരണാർഹനായ ഫ്രാൻസിസ് പാപ്പ ആരംഭിച്ച ഒരു ആഗോളകൂടിയാലോചനാ പ്രക്രിയയാണ് സിനഡാ ലിറ്റിയെക്കുറിച്ചുള്ള സിനഡ്. തിരുസ്സഭ ഒരു സിനഡൽ സഭയായി രൂപാന്തരപ്പെടാൻ മെത്രാന്മാർ, വൈദികർ, സന്യസ്തർ, അല്മായ വിശ്വാസികൾ എന്നിവർ പരസ്പരം കേൾക്കാനും, ഉള്ളു തുറന്നു സംസാരിക്കാനും, വിവേചനപൂർവ്വം തീരുമാനങ്ങളെടുക്കാനുള്ള അവസരങ്ങൾ എല്ലാതലങ്ങളിലും രൂപപ്പെടേണ്ടിയിരിക്കുന്നു. വിശ്വാസികളുടെ ശബ്ദങ്ങളിലൂടെ പരിശുദ്ധാത്മാവിനെ ശ്രവിക്കുകയും, കൂട്ടായ്മയും പങ്കാളിത്തവും വളർത്തുകയും, സുവിശേഷം പ്രഘോഷി ക്കാനുള്ള ദൗത്യത്തിൽ കൂട്ടായി പ്രവർത്തിക്കുകയും ചെയ്യുന്ന ഒന്നാണ് സിനഡൽ സഭയെന്ന് സിനഡിന്റെ സമാപന പ്രഖ്യാപനമായ അപ്പസ്തോലിക പ്രബോധനത്തിൽ (2024) ഉദ്ബോധിപ്പിക്കുന്നു.

2002 മെയ് 24-ാം തീയതി കെആർഎൽസിസി എന്ന പങ്കാളിത്ത അജപാലന സംവിധാനത്തിന്റെ രൂപീകരണത്തിലൂടെ സിനഡാത്മക

സഭയെന്ന ലക്ഷ്യത്തിലേക്ക് ശ്രദ്ധേയമായ ചുവടുവയ്ക്കാൻ കേരള ലത്തീൻ സഭയ്ക്ക് സാധിച്ചുവെന്നത് അഭിമാനകരമാണ്. ഈ ലോകത്തിൽ കൂടുതൽ സജീവമായി ക്രിസ്തുവിന് സാക്ഷികളാകാനും ഒരു ജനസമൂഹമെന്ന നിലയിൽ നമ്മുടെ സാമൂഹീക ജീവിതത്തെ മെച്ചപ്പെടുത്തുവാനും നാളിതുവരെയുള്ള കെആർഎൽസിസി പ്രവർത്തനങ്ങളിലൂടെ നമുക്ക് സാധിച്ചിട്ടുണ്ട്. ബിസിസി തലം മുതൽ അജപാലന സംവിധാനങ്ങളെ കൂടുതൽ സജീവവും പങ്കാളിത്തപരവുമാക്കുവാൻ മിനിസ്ട്രി കമ്മീഷൻ സംവിധാനങ്ങളിലൂടെ നമ്മൾ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. മഹാജൂബിലിയുടെ ചൈതന്യത്തിലും സിനഡാത്മകദർശനങ്ങളുടെ പ്രചോദനത്തിലും സഭയിലെ ഈ പങ്കാളിത്ത സംവിധാനങ്ങളെ കൂടുതൽ കാര്യക്ഷമവും ഫലദായകവുമായി മാറ്റാൻ നമുക്ക് കഴിയേണ്ടിയിരിക്കുന്നു.

ഒരു ജനാധിപത്യസമൂഹത്തിൽ ഒരു ജനവിഭാഗം സമാഹരിക്കുന്ന സംഘാതശക്തിയും അതുവഴി ആർജ്ജിക്കുന്ന വിലപേശൽമൂല്യവും അതീവ പ്രാധാന്യമുള്ളതാണ്. സഭാപരമായി ലത്തീൻ കത്തോലിക്കർ സുസംഘടിതരെങ്കിലും ഒരു ജനവിഭാഗമെന്ന നിലയിൽ അസംഘടിതരാണ്. അതുകൊണ്ടുതന്നെ നിരന്തരമായ അവഗണന എല്ലാതലങ്ങളിലും നേരിടേണ്ടിവരുന്നു. നമ്മുടെ പ്രധാന ആവാസ ഭൂപ്രദേശങ്ങളിൽ നിന്നുപോലും പലായനം ചെയ്യാൻ നമ്മുടെ ജനങ്ങൾ നിർബന്ധിക്കപ്പെടുന്നു.

ക്രൈസ്തവ ന്യൂനപക്ഷങ്ങളുടെ, വിശിഷ്യാ, ലത്തീൻ കത്തോലിക്കർ, ദലിത്ക്രൈസ്തവർ എന്നിവരുടെ വിദ്യാഭ്യാസ - സാമ്പത്തിക പിന്നാക്കാവസ്ഥ, ക്ഷേമം എന്നിവയെ സംബന്ധിച്ച് പഠിച്ച് പരിഹാരങ്ങൾ നിർദ്ദേശിക്കാനായി നിയമിക്കപ്പെട്ട ജസ്റ്റീസ് ജെ ബി കോശി കമ്മീഷൻ റിപ്പോർട്ട് സർക്കാർ സമക്ഷം സമർപ്പിക്കപ്പെട്ടിട്ട് മൂന്നുവർഷത്തിലധികമായിരിക്കുന്നു. നമ്മുടെ ജനവിഭാഗങ്ങളുടെ പ്രശ്നങ്ങളും ആവശ്യങ്ങളും പഠിച്ച് പ്രായോഗികമായ പരിഹാര നടപടികൾ കമ്മീഷൻ ശുപാർശകളായി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. നമ്മൾ വർഷങ്ങളായി ഉയർത്തികൊണ്ടുവന്ന ആവശ്യങ്ങളുടെ പരിഹാരത്തിന് നിരവധി ശുപാർശകൾ കമ്മീഷൻ സർക്കാരിന്

നല്കിയിട്ടുണ്ട്. എന്നാൽ കമ്മീഷൻ റിപ്പോർട്ട് പ്രസിദ്ധീകരിക്കാനോ ശുപാർശകൾ നടപ്പിലാക്കാനോ സർക്കാർ മുതിരുന്നില്ല എന്നത് ഖേദകരമാണ്. ചില ശുപാർശകൾ നടപ്പിലാക്കി എന്ന് ഭരണതലത്തിൽ നിന്ന് പ്രഖ്യാപിക്കപ്പെടുന്നുണ്ടെങ്കിലും അവയെ സംബന്ധിച്ച ഒരു വ്യക്തതയും വിവരങ്ങളും ലഭ്യമാക്കാനും സർക്കാരിന് കഴിഞ്ഞിട്ടില്ല.

വിവിധ പ്രദേശങ്ങളിലെ ലത്തീൻ കത്തോലിക്കർക്ക് സമുദായ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിൽ അനുഭവിക്കുന്ന പ്രതിസന്ധി ഇനിയും പരിഹരിക്കപ്പെട്ടിട്ടില്ല. പ്രതിബന്ധങ്ങളില്ലാതെ യഥാസമയം ലത്തീൻ കത്തോലിക്കർക്ക് സർട്ടിഫിക്കറ്റ് ലഭ്യമാകുന്നതിന് ആവശ്യമായ വ്യക്തത വരുത്തി ഒരു സ്പഷ്ടീകരണ ഉത്തരവ് സർക്കാർ പുറപ്പെടുവി ക്കേണ്ടതുണ്ട്. തീരദേശത്തെ നിരവധിയായ പ്രശ്നങ്ങൾ ഇന്നും പരിഹരിക്കപ്പെടാതെ തുടരുന്നു. മുതലപ്പൊഴി മത്സ്യബന്ധന തുറമുഖ ത്തിലെ അപകടങ്ങൾക്ക് ശാശ്വത പരിഹാരം കണ്ടെത്താനായിട്ടില്ല. ചെല്ലാനം - ഫോർട്ടുകൊച്ചി തീരം ഉൾപ്പെടെ വിവിധ മേഖലകളിൽ കടൽത്തീരം സംരക്ഷിക്കാനായി പ്രഖ്യാപിച്ച പ്രവർത്തനങ്ങൾ ക്കാകട്ടെ വേണ്ടത്ര വേഗതയുമില്ല. തീരദേശ ഹൈവേയുടെ നിർമ്മാണ വുമായി ബന്ധപ്പെട്ട ആശങ്കകളും വർദ്ധിക്കുകയാണ്. മലയോര മേഖല യാകെ ഭീതിയിലാണ്. വന്യമൃഗങ്ങളുടെ അക്രമണത്തെ പ്രതിരോധി ക്കാനാവാതെ ഭരണസംവിധാനങ്ങൾ നിസംഗരാവുകയാണ്. അശാസ്ത്രീയമായ നിർമ്മാണ പ്രവർത്തനങ്ങളും അനിയന്ത്രിതമായ മണ്ണെടുപ്പും മലയോരമേഖലയെ ദുർബലമാക്കിയിരിക്കുന്നു. മുനമ്പത്തെ ഭൂമിയുടെ ഉടമസ്ഥതയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഈയിടെ പ്രഖ്യാപിച്ച വിധിയെയും തുടർന്ന് സർക്കാർ സ്വീകരിക്കുന്ന നടപടികളെയും പ്രതീക്ഷയോടെ യാണ് കാണുന്നത്. ആയതിനാൽ ഭൂവസ്തുവിന്മേലുള്ള ഇവരുടെ റവന്യൂ അവകാശങ്ങൾ എത്രയുംവേഗം പുനഃസ്ഥാപിക്കപ്പെടുന്നതിന് അടിയന്തര നടപടികൾ ഉണ്ടാവണം.

ദലിത്ക്രൈസ്തവരുടെ പട്ടികജാതി പദവി അനിശ്ചിതമായി നീണ്ടുപോകുന്ന സാഹചര്യമാണിന്നുള്ളത്. ഇക്കാര്യത്തെക്കുറിച്ച് പഠിക്കാനായി രൂപീകരിക്കപ്പെട്ട ജസ്റ്റീസ് ബാലകൃഷ്ണൻ കമ്മീഷനു

നീട്ടിക്കൊടുക്കപ്പെട്ട കാലാവധിയും പൂർത്തിയായി കഴിഞ്ഞു. എത്രയും വേഗം റിപ്പോർട്ട് സമർപ്പിക്കുമെന്നു പ്രതീക്ഷിക്കുന്നു. ഭരണഘടന വാഗ്ദാനം ചെയ്യുന്ന പൗരാവകാശം, തുല്യനീതി, മതസ്വാതന്ത്ര്യം എന്നിവയുടെ അടിസ്ഥാനത്തിൽ അനുഭാവപൂർണ്ണമായ സമീപനം ഭരണാധികാരികളിൽ നിന്നും ഉണ്ടാകേണ്ടിയിരിക്കുന്നു. അതോടൊപ്പം പരിവർത്തിത ക്രൈസ്തവ വികസന കോർപ്പറേഷന്റെ ബജറ്റ് വിഹിതം വർദ്ധിപ്പിക്കുകയും  ആനുകൂല്യങ്ങളുടെ ഗുണഭോക്താക്കൾ ദലിത് ക്രൈസ്തവർ മാത്രമായി നിശ്ചയിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. ലോക്സഭയിലും നിയമസഭകളിലുമുള്ള പ്രാതിനിധ്യം നിഷേധിക്കപ്പെട്ട ആംഗ്ലോ ഇന്ത്യൻ ജനവിഭാഗം വലിയ അനീതിയാണ് നേരിടുന്നത്. ഇക്കാര്യത്തിൽ പുനർവിചിന്ത നത്തിന് ബന്ധപ്പെട്ട അധികാരികൾ തയ്യാറാകേണ്ടതാണ്. ബിരുദ പഠനത്തിൽ ആംഗ്ലോ ഇന്ത്യൻ വിദ്യാർ ത്ഥികൾക്ക് സംവരണം ഏർപ്പെടുത്തണമെന്ന ഹൈക്കോടതിയുടെ നിർദ്ദേശം എത്രയും വേഗം നടപ്പിലാക്കേണ്ടതാണ്.

ആസന്നമാകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് ഏറെ പ്രാധാന്യം അർഹിക്കുന്നതാണ്. ജനാധി പത്യത്തെ കൂടുതൽ സജീവമാക്കാനും ശക്തിപ്പെടുത്താനും എല്ലാ ജനവിഭാഗങ്ങൾക്കും സന്തുലിതമായ രീതിയിൽ അധികാരത്തിൽ പങ്കാളിത്തവും ആനുപാതികവുമായ പ്രാതിനിധ്യവും ലഭിക്കേണ്ട തുണ്ട്. ഇത് സാധ്യമാവുന്നവിധം ആസന്നമാകുന്ന തെരഞ്ഞെടുപ്പിൽ കക്ഷിരാഷ്ട്രീയ ചിന്തകൾക്കതീതമായി പ്രശ്നാധിഷ്ഠിതവും മൂല്യാ ധിഷ്ഠിതമവുമായ നിലപാടെടുക്കുവാൻ ലത്തീൻ കത്തോലിക്കരെന്ന നിലയിൽ നമ്മൾ തയ്യാറാകണം. വിഭജനത്തിന്റെയും വെറുപ്പിന്റെയും വെല്ലുവിളികളും പ്രതിസന്ധികളും നമ്മുടെ സമൂഹം നേരിടുമ്പോൾ കൂടുതൽ ജാഗ്രതയോടെയും ഐക്യത്തോടെയും ശക്തിയോടെയും മുന്നേറാൻ നമുക്കു കഴിയണം.

ലത്തീൻ കത്തോലിക്കാദിനത്തോടനുബന്ധിച്ച് ഡിസംബർ 7-ാം തീയതി എല്ലാ ഇടവക ദേവാലയങ്ങളിലും സ്ഥാപനങ്ങളിലും കെആർഎൽസിസി പതാക ഉയർത്തുകയും കേരള ലത്തീൻ സഭയ്ക്കു വേണ്ടി പ്രത്യേക പ്രാർത്ഥനകൾ നടത്തുകയും വേണം. അന്ന് രൂപതാതലങ്ങളിൽ സാധ്യമാകുന്ന പരിപാടികൾ സംഘടിപ്പിക്കാവു

ന്നതാണ്. കെആർഎൽസിസിയുടെ ദൈനംദിന പ്രവർത്തനങ്ങളെ സഹായിക്കേണ്ടത് ലത്തീൻ കത്തോലിക്കരായ നമ്മുടെയെല്ലാം ഉത്തരവാദിത്വമാണ്. ഇതിലേക്കായി ഡിസംബർ 7 ഞായറാഴ്ചയിലെ സ്തോത്രക്കാഴ്ച എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും സമാഹരിച്ച് 2026 ജനുവരി 31 നകം രൂപതാകേന്ദ്രങ്ങൾ വഴി കെആർ എൽസിസി ഓഫീസിലേക്ക് അയക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നമ്മുടെ ശക്തീകരണപ്രക്രിയയിൽ ഒന്നിച്ച് ധീരമായി നമുക്കു മുന്നേറാം. നമ്മുടെ സ്വർഗീയ മദ്ധ്യസ്ഥനായ വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ തിരുനാൾ മംഗളങ്ങളും ലത്തീൻ കത്തോലിക്കാ ദിനത്തിന്റെ എല്ലാ ആശംസകളും നിങ്ങൾക്കേവർക്കും നേർന്നു കൊള്ളുന്നു. ദൈവം നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ!.

കേരള ലത്തീൻ കത്തോലിക്കാ മെത്രാൻസമിതിക്കുവേണ്ടി,

**✠ വർഗീസ് ചക്കാലക്കൽ**
*പ്രസിഡന്റ്, കെആർഎൽസിസി & കെആർഎൽസിബിസി*
*കോഴിക്കോട് അതിരൂപത മെത്രാപ്പോലീത്ത*

**✠ ജോസഫ് കളത്തിപ്പറമ്പിൽ**
*വരാപ്പുഴ അതിരൂപത മെത്രാപ്പോലിത്ത*

**✠ സെബാസ്റ്റ്യൻ തെക്കത്തെച്ചേരിൽ**
*വൈസ് പ്രസിഡന്റ്, കെആർഎൽസിസി & കെആർഎൽസിബിസി*
*വിജയപുരം രൂപതാമെത്രാൻ*

**✠ ക്രിസ്തുദാസ് ആർ.**
*സെക്രട്ടറിജനറൽ, കെആർഎൽസിബിസി*
*തിരുവനന്തപുരം അതിരൂപത സഹായമെത്രാൻ*

---

N.B.: **ഈ സർക്കുലർ 2025 നവംബർ 30-ാം തീയതി ഞായറാഴ്ച ദിവ്യബലി മധ്യേ വായിക്കുകയോ ഇതിലെ വിവരങ്ങൾ ജനങ്ങളെ അറിയിക്കുകയോ ചെയ്യേണ്ടതാണ്.**

# CIRCULAR - 26

## ബൈബിൾ ഞായർ – 2025

*യേശുവിൽ പ്രിയ സഹോദര വൈദികരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളെ,*

2025 ഡിസംബർ 21-ാം തീയതി ഞായറാഴ്ചയാണ് കേരള കത്തോലിക്കാസഭ ബൈബിൾ ഞായറായി ആഘോഷിക്കുന്നത്. ബൈബിൾ ഞായറിനോടനുബന്ധിച്ച് കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ ചുവടെ ചേർക്കുന്നു. ഈ സർക്കുലറിന്റെ ഉള്ളടക്കം 2025 ഡിസംബർ 21-ാം തീയതി ഞായറാഴ്ച ദിവ്യബലി മധ്യേ വായിക്കുകയോ ജനങ്ങളെ അറിയിക്കുകയോ ചെയ്യേണ്ടതാണ്.

പൈതൃകാശീർവാദങ്ങളോടെ, എറണാകുളത്ത് നമ്മുടെ അതിമെത്രാസനമന്ദിരത്തിൽ നിന്ന്, 2025 നവംബർ 15-ാം തീയതി,

എറണാകുളം
15.11.2025

✠ ***ജോസഫ് കളത്തിപ്പറമ്പിൽ***
വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത

# ബൈബിൾ പാരായണമാസവും ബൈബിൾ ഞായറും

## കെ. സി. ബി. സി. ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

ക്രിസ്തുവിൽ പ്രിയമുള്ളവരേ,

വചനം മാംസം ധരിച്ചതിന്റെ, 2025ലെ ജൂബിലിയുടെ നിറവിലാണ് ആഗോളസഭ. ഡിസംബർ മുഴുവനും ബൈബിൾ പാരായണമാസമായും ഡിസംബർ 21 ബൈബിൾ ഞായറായും ആചരിച്ചുകൊണ്ട് കേരള കത്തോലിക്കാ സഭ 2025ലെ ജൂബിലിയുടെ സമാപനത്തിലേക്ക് പ്രവേശിക്കുകയാണ്. ജൂബിലി വർഷത്തിന്റെയും ബൈബിൾ ഞായറിന്റെയും കേന്ദ്രവിഷയമായി നമ്മുടെ പരിചിന്തനത്തിന് യോഹന്നാന്റെ ഒന്നാം ലേഖനം രണ്ടാം അധ്യായം 5-ാം വാക്യം തിരഞ്ഞെടുത്തിരിക്കുന്നു: "അവന്റെ വചനം പാലിക്കുന്നവനിൽ ദൈവസ്നേഹം പൂർണതപ്രാപിച്ചിരിക്കുന്നു. നാം അവനിൽ ആയിരിക്കുമെന്ന് ഇതിൽനിന്നു നാം അറിയുന്നു."

2025ലെ ജൂബിലിയുടെ ഒരുക്കമായി ഫ്രാൻസിസ് പാപ്പാ നല്കിയ "പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല റോമ 5,5" എന്ന ആമുഖകത്തിൽ പ്രത്യാശയെന്നത് യേശുക്രിസ്തുവാണെന്നും, അത് അവന്റെ വചനത്തിൽ അധിഷ്ഠിതമാണെന്നും ആ വചനത്തോടു ചേർന്നുനില്ക്കലാണ് ഈ കാലഘട്ടത്തിന്റെ ആവശ്യമെന്നും പ്രബോധിപ്പിക്കുന്നു. ഫ്രാൻസിസ് പാപ്പായുടെ അവസാനത്തെ ഔദ്യോദിക പ്രബോധനമായ "അവൻ നമ്മെ സ്നേഹിച്ചു" *(Dilexit nos)* എന്ന ചാക്രികലേഖനം ദൈവസ്നേഹാനുഭവത്തിൽ കേന്ദ്രീകൃതമാണ്. അതിന്റെ തുടർച്ചയെന്നോണം ലെയോ പതിനാലാമൻ പാപ്പായുടെ "ഞാൻ നിന്നെ സ്നേഹിച്ചു" *(Dilexi te)* എന്ന ആദ്യത്തെ അപ്പസ്തോലികപ്രബോധനത്തിലൂടെ മനുഷ്യസ്നേഹം ഒരുവനിൽ ദൈവം വസിക്കുന്നതിന്റെ അടിസ്ഥാനവും ക്രൈസ്തവ ധാർമിക ദൗത്യവുമാണെന്നു പ്രഖ്യാപിക്കുന്നു. മേൽസൂചിപ്പിച്ച മൂന്ന് പ്രബോധനങ്ങളെയും കൂട്ടിയിണക്കുന്ന സുവർണ നൂലാണ് 1 യോഹ 2, 5. വചനവും, ദൈവസ്നേഹവും, മനുഷ്യസ്നേഹവും (കൂട്ടായ്മ) ഈ വചനഭാഗത്തിന്റെ കേന്ദ്രവിഷയങ്ങളാണ്. യഥാർഥ സമ്പത്ത് പണമോ അധികാരമോ ഭൗതികവസ്തുക്കളോ അല്ല, മറിച്ച് ദൈവവുമായുള്ള ഐക്യമാണ്. ദൈവവചനമാണ്

യഥാർഥ സമ്പത്ത് തിരിച്ചറിയാൻ നമ്മെ സഹായിക്കുന്നത്; അത് നമ്മെ നമ്മുടെ അയൽക്കാരിലേക്കു, ഏറെ പ്രത്യേകിച്ച് പാർശ്വവത്ക്കരിക്കപ്പെട്ടവരിലേക്കു, തിരിയാനുള്ള മാർഗദർശിയാണ്.

ദൈവവചനത്തോടു ചേർന്ന് നില്ക്കുന്നവരിൽ ദൈവം ആയിരിക്കുന്നുവെന്നും ത്രിത്വത്തിന്റെ കൂട്ടായ്മയിൽ അവർ പങ്കുചേരുമെന്നും 1 യോഹന്നാൻ 2,5 ൽ ഊന്നിപ്പറയുന്നു: "നാം അവനിൽ ആയിരിക്കും". "എസ്മെൻ" എന്ന ഗ്രീക്ക് പദത്തിനർഥം കൂടെയായിരിക്കുക, കൂടെ വസിക്കുക എന്നാണ്. കൂടെ നടക്കുന്ന കൂട്ടായ്മയുടെ (synodality), അനുഭവമാണ് "ഞാൻ നിന്നെ സ്നേഹിച്ചു" എന്ന തിരുവെഴുത്തിലൂടെ ലെയോ പാപ്പാ ലക്ഷ്യം വച്ചത്. തന്റെ ലേഖനത്തെയും തന്റെ മുൻഗാമിയുടെ ലേഖനത്തെയും ചേർത്ത് ലെയോ പാപ്പാ എഴുതുന്നു: "ഫ്രാൻസിസ് പാപ്പാ 'അവൻ നമ്മെ സ്നേഹിച്ചു' (DN) എന്ന ചാക്രിക ലേഖനത്തിൽ പ്രതിപാദിച്ചത് യേശുക്രിസ്തുവിന്റെ ഹൃദയത്തിന്റെ മാനുഷികവും ദൈവികവുമായ സ്നേഹത്തിന്റെ അക്ഷയ രഹസ്യമാണ്. അതിൽ 'സമൂഹത്തിലെ ഏറ്റവും താഴ്ന്ന ശ്രേണിയിലുള്ളവരുമായി' യേശു എപ്രകാരം താതാത്മ്യപ്പെട്ടു എന്നും നാം കാണുകയുണ്ടായി; അതുപോലെതന്നെ അവസാനംവരെ ചൊരിയപ്പെട്ട അവന്റെ സ്നേഹംവഴി എപ്രകാരം അവൻ ഓരോ മനുഷ്യ വ്യക്തിയുടെയും മാഹാത്മ്യം, ഏറെ പ്രത്യേകിച്ച് അവർ ദുർബലരും പരിഹസിതരും സഹിക്കുന്നവരും ആയിരിക്കുമ്പോഴുള്ള മാഹാത്മ്യം, ഉറപ്പിക്കുന്നു എന്ന് നാം കാണുന്നു. ക്രിസ്തുവിന്റെ സ്നേഹം നാം ധ്യാനവിഷയമാക്കുമ്പോൾ മറ്റുള്ളവരുടെ സഹനങ്ങളിലും ആവശ്യങ്ങളിലും അവരോട് കൂടുതൽ കരുതൽ ഉള്ളവരാകാനും തന്റെ വിമോചനത്തിന്റെ പ്രവൃത്തിയിൽ പങ്കുചേരുന്ന പ്രയത്നങ്ങൾ വഴിയായി തന്റെ സ്നേഹം പ്രചരിപ്പിക്കുന്ന ഉപകരണങ്ങളാകുവാനും നാം പ്രേരിതരാകുന്നു."(J. 2)

എല്ലാവർക്കും എന്നും പ്രത്യാശ പകരുന്ന യേശുക്രിസ്തുവിന്റെ വചനത്തിലേക്ക് എല്ലാവരേയും അടുപ്പിക്കുന്നതിനുള്ള ശുശ്രൂഷകളിൽ കെ.സി.ബി.സി. ബൈബിൾ കമ്മീഷനും രൂപതാ ബൈബിൾ അപ്പസ്തോലേറ്റുകൾക്കും നിർണായകമായ പങ്കാണ് വഹിക്കാനുള്ളത്. ദൈവവചനമാണ് ഈ കാലഘട്ടത്തിന്റെ ഉത്തരമെന്ന ആപ്തവാക്യം മനസ്സിൽ ഉരുവിട്ട് ഈ ജൂബിലി വർഷത്തിലെ ബൈബിൾ പാരായ

ണത്തിലേക്കും ബൈബിൾ ഞായറിലേക്കും നമുക്ക് പ്രവേശിക്കാം. ദൈവം കൂടെ വസിക്കുന്നുവെന്ന ദൈവസ്നേഹാനുഭവത്തിലേക്ക് ദൈവവചന പാരായണ മാസത്തിലൂടെ നമുക്ക് വളരാം. ഈ സ്നേഹാനുഭവം എല്ലാവരേയും ഉൾക്കൊള്ളുന്ന പരസ്നേഹത്തിലേക്കും, കൂട്ടായ്മയിലേക്കും നമ്മെ നയിക്കട്ടെ.

**കേരളകത്തോലിക്കാ സഭയും ബൈബിൾ ശുശ്രൂഷയും**

കെ.സി.ബി.സി. ബൈബിൾ കമ്മീഷനും രൂപതകളിലെ ബൈബിൾ അപ്പോസ്തലേറ്റും ചേർന്ന് വിവിധങ്ങളായ ബൈബിൾ അധിഷ്ഠിത പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുന്നു. വചന നിറവിലേക്ക് കേരളസഭയെ നയിക്കുന്നതിനായി ഈ ജൂബിലി വർഷത്തിൽ വൈവിധ്യമാർന്ന ബൈബിൾ ശുശ്രൂഷകൾ ഫലപ്രദമായി ചെയ്തുവരുന്നു. പിഒസി ബൈബിൾ (RPOC) സമ്പൂർണമായി പരിഷ്ക്കരിച്ച് ജൂബിലിയുടെ സമ്മാനമായി കേരളസഭാ മക്കൾക്കായി സമർപ്പിക്കാനും, വിപുലമായി പ്രസിദ്ധീകരിക്കാനും കഴിഞ്ഞത് അഭിമാനാർഹമായ ചരിത്രനേട്ടമാണ്. ലക്ഷങ്ങൾ പങ്കെടുക്കുന്ന ലോകത്തിലെത്തന്നെ ഏറ്റവും വലിയ ക്വിസ് പ്രോഗ്രാമായ ലോഗോസ് ക്വിസ്സിന്റെ 25-ാം വർഷത്തിലാണ് നമ്മൾ. ബൈബിൾ പഠനം എല്ലാവരിലേക്കും എത്തിക്കുന്നതിന്റെ ഭാഗമായി കുടുംബങ്ങൾക്കായി ഫാമിലി ലോഗോസും കേൾവി ബുദ്ധിമുട്ടുള്ളവർക്കുവേണ്ടിയുള്ള പ്രത്യേക ലോഗോസ് പരീക്ഷയും ഉൾചേർത്ത് ലോഗോസ് ക്വിസ് വിപുലമാക്കിയിട്ടുണ്ട്. മലയാളം ബൈബിളിന്റെ ശ്രവ്യരൂപവും, കാഴ്ച പരിമിതിയുള്ളവർക്കുവേണ്ടി സൈൻബൈബിളും ഇന്ന് നമുക്ക് ലഭ്യമാണ്. ആഴത്തിൽ ബൈബിൾ വിജ്ഞാനംപകരുന്ന ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിലെ അംഗത്വം 14000 കടന്നു. ബൈബിളിലെ വിവിധ പുസ്തകങ്ങൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിരിക്കുന്ന യുട്യൂബ് - വീഡിയോ ക്ലാസ്സുകൾ ഓൺലൈനിൽ ലഭ്യമാണ്. വചനനിറവിനായി ബൈബിൾ ക്ലാസ്സുകളും ബൈബിൾ ആധ്യാത്മിക പരിശീലന കോഴ്സുകളും ഫലപ്രദമായി നടക്കുന്നു. ബൈബിൾ അഖണ്ഡപാരായണവും, വചനമെഴുത്തും ഒരു ആധ്യാത്മികചര്യയായി വളർത്താനുള്ള പരിശ്രമങ്ങൾ ചെയ്തുവരുന്നു. ഓരോ കുടുംബത്തിലും ഓരോ ബൈബിൾ എന്ന ലക്ഷ്യം കേരളസഭയിൽ ഇതിനകം സാധ്യമായിട്ടുണ്ട്. ഓരോ വ്യക്തിക്കും ഓരോ ബൈബിൾ എന്ന ലക്ഷ്യത്തിലേക്ക് ഇപ്പോൾ നാം

മുന്നേറുകയാണ്. വചനചൈതന്യം സജീവമായി നിറഞ്ഞുനില്ക്കുന്ന കേരളസഭ ആഗോളസഭയ്ക്ക് മാതൃകയും പ്രചോദനവുമാണ്. പി.ഒ.സി. ബൈബിൾ ആപ്ലിക്കേഷനും, ഓഡിയോ ബൈബിളും കൂടുതൽ പ്രചാരത്തിലെത്തിക്കാൻ എല്ലാവരും ശ്രദ്ധിക്കണമെന്ന് താല്പര്യപ്പെടുന്നു. ഭവനങ്ങളിലും യാത്രകളിലും ഓഡിയോ ബൈബിൾ ശ്രവിക്കുന്ന ശീലം വളർത്താൻ എല്ലാവരെയും പരിശീലിപ്പിക്കണം.

ഡിസംബർ 21-ന് ബൈബിൾ ഞായർ ഇടവകകളിൽ ബൈബിൾ പ്രതിഷ്ഠയോടും ബൈബിൾ പ്രദക്ഷിണത്തോടുംകൂടെ സമുചിതമായി ആചരിക്കാൻ നിങ്ങളെ ക്ഷണിക്കുന്നു. കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെയും രൂപതാബൈബിൾ അപ്പോസ്തോലേറ്റിന്റെയും ശുശ്രൂഷകൾക്കുവേണ്ടി ബൈബിൾ ഞായറാഴ്ച ദിവ്യബലി മധ്യേലഭിക്കുന്ന സംഭാവന രൂപതാകേന്ദ്രങ്ങളിൽ എത്തിക്കണമെന്നും അഭ്യർഥിക്കുന്നു.

ദൈവവചന പ്രചാരണ-പ്രഘോഷണപ്രവർത്തനങ്ങളിലൂടെ പ്രത്യാശയുടെ തീർഥാടകരായി രൂപാന്തരപ്പെടുവാനും ദൈവവചനത്തിലേക്ക് എല്ലാവരേയും നയിക്കാനും നമുക്ക് സാധിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ടും, ദൈവസ്നേഹാനുഭവത്തിലേക്കും എല്ലാവരെയും ഉൾക്കൊള്ളുന്ന പരസ്നേഹത്തിലേക്കും കൂട്ടായ്മയിലേക്കും നമ്മെ ക്ഷണിക്കുന്ന മനുഷ്യാവതാരത്തിരുന്നാളിന്റെ പ്രാർഥനാശംസകൾ നേർന്നുകൊണ്ടും,

സ്നേഹാദരങ്ങളോടെ,

✠ **ബിഷപ് റൈറ്റ് റവ. ഡോ. ജെയിംസ് ആനാപറമ്പിൽ**
*(ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)*

✠ **ബിഷപ് തോമസ് മാർ യൗസേബിയൂസ്**
*(വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)*

✠ **ബിഷപ് മാർ ജോൺ നെല്ലിക്കുന്നേൽ**
*(വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)*

Printed and Published by Fr. Ebigin Arackal
New Vimala Social Service Centre, Kakkanad, Kochi - 21